മുള്ളേരിയിൽ 66 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കാനായിട്ടുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അതുപോലെതന്നെ 220 കെ. വി. സബ്സ്റ്റേഷൻ ഉടനെതന്നെ സ്ഥാപിക്കുന്നതാണ്. ലോകബാങ്കിന്റെ സഹകരണത്തോടുകൂടി ഒരു വലിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുകയാണ്. കണ്ണൂർ കാസർകോട് 110 കെ. വി. ലൈനിനുപകരം 220 കെ. വി. ലൈൻ സ്ഥാപിക്കാനാണുദ്ദേശിക്കുന്നത്. ലോകബാങ്കിന്റെ സഹകരണത്തോടുകൂടി ഇവിടത്തെ മുഴുവൻ സിസ്റ്റവും ബലപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു വൻപിച്ച പരിപാടി ഇപ്പോഴും ഏറ്റെടുക്കാൻപോകുകയാണ്. അതോടുകൂടി ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാശിക്കുകയാണ്.

(2) ഒറ്റപ്പാലത്ത് ചുഴലിക്കാറ്റുമൂലമുണ്ടായ നാശനഷ്ടം

ശ്രീ. വി. സി. കബീർ : സർ, 19-ാം തീയതി രാത്രി ഒറ്റപ്പാലത്തിനടുത്തുണ്ടായ ചുഴലിക്കാറ്റിൽ ധാരാളം വീടുകൾക്ക് നാശനഷ്ടമുണ്ടായിരിക്കുകയാണ്. 19-ാം തീയതി ആഞ്ഞടിച്ച ചുഴലിക്കാറ്റിൽ ലക്കിടി, പേരൂർ, മലപ്പുറം, മുളഞ്ചൂർ, നെല്ലിക്കുറിശി എന്നീ സ്ഥലങ്ങളിൽ 70 വീടുകൾ ഭാഗികമായി തകർന്നിട്ടുണ്ട്. അതുപോലെതന്നെ വാഴ, തെങ്ങ്, കവുങ്ങ് തുടങ്ങിയവയ്ക്കും നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. 20-ാം തീയതിതന്നെ ഞാൻ അവിടെചെന്ന് ആ വീടുകളെല്ലാം സന്ദർശിക്കുകയുണ്ടായി. അവിടത്തെ നാശനഷ്ടങ്ങൾ വളരെ വലുതാണ്. പാവപ്പെട്ടയാളുകൾക്കാണ് നാശനഷ്ടങ്ങളുണ്ടായിട്ടുള്ളത്. ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തു നിന്നും തക്കസമയത്ത് ആശ്വാസനടപടികളുണ്ടായില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രി ഈ നാശനഷ്ടങ്ങളുണ്ടായ ഗൃഹനാഥൻമാരെ അടിയന്തിരമായി സഹായിക്കണമെന്നഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 19-ാം തീയതിയുണ്ടായ ചുഴലിക്കാറ്റുമൂലം 10 വീടുകൾ പൂർണ്ണമായും 204 വീടുകൾ ഭാഗികമായും നശിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ട് കിട്ടിയിട്ടുള്ളത്. അതുപോലെതന്നെ 20,000 രൂപയുടെ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ട്. ഒരു യു. പി. സ്കൂളിലെ ഷെഡ്ഡ് പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷികവിളകൾക്ക് നാശനഷ്ടമുണ്ടായിട്ടുണ്ട്. ചില വൈദ്യുതിലൈനുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇതിൽ അടിയന്തിരമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ജില്ലാകളക്ടറെ ചുമതല ഏല്പിച്ചിട്ടുണ്ട്.

(3) കൊപ്പം–വേങ്ങാട്ടിരി റോഡിന്റെ അറ്റകുറ്റപ്പണി

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, എന്റെ നിയോജകമണ്ഡലത്തിലെ നെല്ലായ, കൊപ്പം, ഓമല്ലൂർ എന്നീ മൂന്നു പഞ്ചായത്തുകളെ പരസ്പരം ബന്ധിപ്പിക്കുന്നതും പാലക്കാട്ടു നിന്നും ചെറുപ്പുളശ്ശേരി വഴി 20 കിലോമീറ്ററിന്റെ ലാഭം കോഴിക്കോട്ടേക്ക് പോകാൻ ലാഭിക്കുന്നതുമായ റോഡാണ് കൊപ്പം-വേങ്ങാട്ടിരി റോഡ്. 1957-ൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചുവെങ്കിലും പല ഘട്ടങ്ങളിലായി 1980-ലാണ് ഇതിന് അംഗീകാരം കിട്ടിയത്. ആ റോഡിന്റെ പ്രവർത്തനം ഉൽഘാടനം ചെയ്തത് ശ്രീമാൻ സി. എച്ച്. മുഹമ്മദ് കോയ ആണ്. അത് 1983-ലാണ്. എന്നാൽ ഇന്നുവരെ അതിന്റെ ഒരു പ്രവർത്തനവും മുന്നോട്ടു പോയിട്ടില്ല. അത് സ്തംഭനാവസ്ഥയിലാണ്. എത്രയോ ഡി. ഡി. സി. കളിൽ ഈ പ്രശ്നം ഉന്നയിച്ചതാണ്. അടിയന്തിരമായി ആ റോഡിന്റെ പ്രവർത്തനം ഏറ്റെടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly